# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370


## വാർത്താക്കുറിപ്പ്

**2024 മാർച്ച് 26**

---

## നാക് ഗ്രേഡിംഗ്; സർവകലാശാലയ്ക്ക് സെനറ്റിന്റെ അഭിനന്ദനം

നാഷണൽ അസസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിലിന്റെ(നാക്) നാലാം സൈക്കിൾ റീ അക്രിഡിറ്റേഷനിൽ എ പ്ലസ് പ്ലസ് ഗ്രേഡ് നേടിയ മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക് സർവകലാശാലാ സെനറ്റിന്റെ അഭിനന്ദനം. ഇന്നലെ ചേർന്ന വാർഷിക സെനറ്റ് യോഗത്തിൽ ഡോ. ലിബൂസ് ജേക്കബ് ഏബ്രഹാം അവതരിപ്പിച്ച അഭിനന്ദന പ്രമേയം ഈ നേട്ടത്തിനു പിന്നിൽ സർവകലാശാലാ സമൂഹത്തിന്റെ വലിയ പ്രയത്നമുണ്ടെന്ന് വിലയിരുത്തി. നാക് ഗ്രേഡിംഗിന്റെ തിളക്കം വർധിപ്പിക്കുന്ന രീതിയിൽ തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതുണ്ടെന്നും ഇതിന് കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ പിന്തുണ പ്രതീക്ഷിക്കുന്നതായും യോഗം അഭിപ്രായപ്പെട്ടു.

അടുത്ത അക്കാദമിക് വർഷത്തിൽ നാലു വർഷ ബിരുദ കോഴ്സുകൾ നടപ്പാക്കുന്നതിനുള്ള തയ്യാറെടുപ്പുകളിൽ സംസ്ഥാനത്ത് ഏറ്റവും മുന്നിലെത്താൻ എം.ജി. സർവകലാശാലയ്ക്ക് സാധിച്ചത് അഭിമാനകരമാണ്. പ്രാരംഭ ഘട്ടത്തിൽ തന്നെ സമയബന്ധിതമായി പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുന്നത് കോഴ്സ് നടത്തിപ്പ് പരമാവധി കാര്യക്ഷമമാക്കുന്നതിന് സഹായകരമാകുമെന്ന് യോഗം വിലയിരുത്തി.

വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാറിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം വാർഷിക റിപ്പോർട്ട്, കണക്ക്, ഓഡിറ്റ് റിപ്പോർട്ട്, ഫിനാൻഷ്യൽ എസ്റ്റിമേറ്റ് എന്നിവ അംഗീകരിച്ചു.

(പി.ആർ.ഒ/39/288/2024)

## സിബുറുമായി സഹകരണത്തിന് എം.ജി സർവകലാശാല

മഹാത്മാ ഗാന്ധി സർവകലാശായിലെ സ്കൂൾ ഓഫ് പോളിമെർ സയൻസ് ആൻ്റ് ടെക്നോളജി(എസ്.പി.എസ്.ടി) പെട്രോകെമിക്കൽ മേഖലയിലെ പ്രമുഖ റഷ്യൻ കമ്പനിയായ സിബുറുമായി സഹകരണത്തിന് ധാരണയായി. സർവകലാശാലയിലെ പോളിമെർ ഗവേഷണ കണ്ടുപിടുത്തങ്ങളെ വ്യവസായരംഗത്ത് പ്രയോജനപ്പെടുത്തുന്നതിനുള്ള സാധ്യതയാണ് ഇതിലൂടെ തുറന്നുകിട്ടുക.

എം.ജി. സർവകലാശാലാ കാമ്പസിൽ സന്ദർശനം നടത്തിയ സിബുർ പ്രതിനിധികളായ ഡോ. സെർജി ബാഗ്രിയഷോവ്, ഡോ. അഫിന റുമിയൻസേവ, ഡോ. നവികോവ തതിയാന എന്നിവർ വൈസ് ചാൻസലർ ഡോ. സി.ടി അരവിന്ദകുമാറുമായി കൂടിക്കാഴ്ച്ച നടത്തി. എസ്.പി.എസ്.ടി സ്ഥാപകനും മുൻ വൈസ് ചാൻസലറുമായ പ്രഫ. സാബു തോമസ്, ഡയറക്ടർ ഡോ. എം.എസ്. ശ്രീകല എന്നിവരുമായി ചർച്ച നടത്തിയ ഇവർ മറ്റ് അധ്യാപകരുമായും ഗവേഷകരുമായി സംവദിക്കുകയും ഗവേഷണ സൗകര്യങ്ങൾ വിലയിരുത്തുകയും ചെയ്തു.

ഹൈഡ്രോകാർബണുകളെ പ്ലാസ്റ്റിക്, റബർ തുടങ്ങിയവയും മറ്റ് മൂല്യ വർധിത ഉത്പന്നങ്ങളുമായി വിപണിയിലെത്തിക്കുന്ന സിബുർ റഷ്യൻ വിപണിയിലും ആഗോളതലത്തിലും അതിവേഗം വളരുന്ന കമ്പനികളിലൊന്നാണ്. സംയുക്ത ഗവേഷണത്തിനുള്ള മേഖലകൾ കണ്ടെത്തുന്നതു സംബന്ധിച്ചായിരുന്നു പ്രധാന ചർച്ച.

റബർ വ്യവസായ മേഖലയ്ക്ക് ഗുണകരമാകുന്ന പുതിയ കണ്ടുപിടുത്തങ്ങൾ നടത്തുന്നതിന് ഈ സഹകരണം ഉപകരിക്കുമെന്ന് ഡോ. എം.എസ്. ശ്രീകല പറഞ്ഞു. ഫാക്കറ്റി-റിസർച്ച് എക്സ്ചേഞ്ച് പ്രോഗ്രാമുകൾക്കും സംയുക്ത പേറ്റൻ്റുകൾക്കും ഇതുവഴി സാധ്യത തെളിയുമെന്ന് പ്രഫ. സാബു തോമസ് വ്യക്തമാക്കി.

**ഫോട്ടോ ക്യാപ്ഷൻ..**
റഷ്യൻ കമ്പനി സിബുറിൻറെ പ്രതിനിധികളായ ഡോ. അഫിന റുമിയൻസേവ, ഡോ. നവികോവ തതിയാന, ഡോ. സെർജി ബാഗ്രിയഷോവ് മഹാത്മാ ഗാന്ധി സർവകലാശാലയിൽ വൈസ് ചാൻസലർ ഡോ. സി.ടി അരവിന്ദകുമാറുമായി ചർച്ച നടത്തുന്നു. ഡോ. എം.എസ്. ശ്രീകല സമീപം.

(പി.ആർ.ഒ/39/289/2024)

## <u>അഭിനയ പൂർണതയ്ക്ക് സംഗീതത്തിൻ്റെ പങ്ക് പ്രധാനം-കോട്ടയ്ക്കൽ മധു</u>

അഭിനയ കലയെ ആസ്വാദകരിലേക്ക് പൂർണമായ തോതിൽ

എത്തിക്കുന്നതിൽ സംഗീതത്തിന്റെ പങ്ക് പ്രധാനമാണെന്ന് പ്രശസ്ത കഥകളി സംഗീതജ്ഞൻ കോട്ടയ്ക്കൽ മധു. മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ സ്റ്റഡീസ് ഇൻ സയൻസ് ഓഫ് മ്യൂസിക് (ഐയുസിഎസ്എസ്എം) സംഘടിപ്പിച്ച സംഗീത സെമിനാറിൽ അഭിനയ കലയിലെ സംഗീതത്തെക്കുറിച്ച് പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

അഭിനയത്തിൽ സന്ദർഭോചിത വികാരത്തെ ഫലപ്രദമായി പ്രതിഫലിപ്പിക്കാൻ സംഗീതത്തിന് കഴിയും. സംഗീതം കൃത്യമായി ഉൾച്ചേർക്കുമ്പോൾ കലാരൂപം സ്വാദകരുമായി വൈകാരികമായി തന്നെ സംവദിക്കും-അദ്ദേഹം ചൂണ്ടിക്കാട്ടി.

സെമിനാറിന്റെ ഉദ്ഘാടനം വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ നിർവഹിച്ചു. നാദോപാസന പ്രസിഡന്റ് തിരുവിഴ ജയശങ്കർ, കോട്ടയം കളിയരങ്ങ് സെക്രട്ടറി എം.ഡി. സുരേഷ് ബാബു, സർവകലാശാലാ രജിസ്ട്രാർ ഡോ. കെ. ജയചന്ദ്രൻ, കോട്ടയം ഉണ്ണികൃഷ്ണൻ എന്നിവർ സംസാരിച്ചു.

സോപാന സംഗീതത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് അമ്പലപ്പുഴ വിജയകുമാർ പ്രഭാഷണം നടത്തി. കോട്ടയ്ക്കൽ മധുവിന്റെ നേതൃത്വത്തിൽ അവതരിപ്പിച്ച മ്യൂസിക് ഫ്യൂഷനിൽ കലാനിലയം രാജീവ്, ഹരിരാഗ് നന്ദൻ, കോട്ടയം ഹരിഹരൻ, കലാമണ്ഡലം ശങ്കരവാര്യർ, ഇരിങ്ങാലക്കുട നന്ദകുമാർ, കോട്ടയം ഉണ്ണികൃഷ്ണൻ തുടങ്ങിയവർ പങ്കെടുത്തു.

ഇന്ന്(മാർച്ച് 27ന്) രാവിലെ പത്തിന് രാജലക്ഷ്മി തിരുവനന്തപുരവും നിരുപമ എസ് ചിരാതും നയിക്കുന്ന ക്ലാസിക്കൽ-ഗസൽ സംഗീത പരിപാടി നടക്കും. സംഗീത സംവിധാനത്തിന്റെ ആശയത്തെക്കുറിച്ച് 11.45ന് ജെയ്സൺ ജെ. നായരും കച്ചേരി ധർമ്മം-സാഹിത്യത്തിന്റെ പ്രാധാന്യം എന്ന വിഷയത്തിൽ ഉച്ചകഴിഞ്ഞ് രണ്ടിന് ഇ.എൻ. സജിത്തും പ്രഭാഷണം നടത്തും. സമാപന സമ്മേളനം വൈകുന്നേരം നാലിന് നടക്കും.

**ഫോട്ടോ ക്യാപ്ഷൻ...**
മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ സ്റ്റഡീസ് ഇൻ സയൻസ് ഓഫ് മ്യൂസിക്കിന്റെ (ഐയുസിഎസ്എസ്എം) ആഭിമുഖ്യത്തിലുള്ള സംഗീത സെമിനാർ വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ ഉദ്ഘാടനം ചെയ്യുന്നു. എം.ഡി. സുരേഷ്ബാബു, തിരുവിഴ ജയശങ്കർ, കോട്ടയം ഉണ്ണികൃഷ്ണൻ, സർവകലാശാലാ രജിസ്ട്രാർ ഡോ. കെ. ജയചന്ദ്രൻ എന്നിവർ സമീപം.

(പി.ആർ.ഒ/39/230/2024)

**<u>പ്രാക്ടിക്കൽ</u>**

ഒന്നാം സെമസ്റ്റർ ഇൻറഗ്രേറ്റഡ് എംഎസ്സി പ്രോഗ്രാം ഇൻ കമ്പ്യൂട്ടർ സയൻസ് - ആർട്ടിഫിഷ്യൽ ഇൻറലിജൻസ് ആന്റ് മെഷീൻ ലേണിംഗ്, കമ്പ്യൂട്ടർ സയൻസ് - ഡാറ്റാ സയൻസ്( പുതിയ സ്കീം - 2023 അഡ്മിഷൻ റഗുലർ, 2021,2022 അഡ്മിഷനുകൾ ഇംപ്രൂവ്മെന്റും സപ്ലിമെന്ററിയും, 2020 അഡ്മിഷൻ സപ്ലിമെന്ററി - ഫെബ്രുവരി 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഏപ്രിൽ ആറു മുതൽ അതത് കോളജുകളിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

.........................

ഒന്നാം സെമസ്റ്റർ എംഎസ്സി ഫിഷറി ബയോളജി ആന്റ് അക്വാകൾച്ചർ(സിഎസ്എസ് - 2023 അഡ്മിഷൻ റെഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2020-2022 അഡ്മിഷനുകൾ സപ്ലിമെൻററി - ഡിസംബർ 2023) പ്രാക്ടിക്കൽ പരീക്ഷകൾ ഏപ്രിൽ എട്ടു മുതൽ പത്തനംതിട്ട സ്കൂൾ ഓഫ് അപ്ലൈഡ് ലൈഫ് സയൻസസിൽ(എസ്എഎൽഎസ്) നടത്തും. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/231/2024)

**<u>പരീക്ഷാ ഫലം</u>**

കഴിഞ്ഞ മാർച്ചിൽ നടത്തിയ ഒന്നും രണ്ടും സെമസ്റ്ററുകൾ എം.എ ഹിസ്റ്ററി (2016,2017,2018 അഡ്മിഷനുകൾ സപ്ലിമെൻററി, 2014,2015 അഡ്മിഷനുകൾ മെഴ്സി ചാൻസ് - മെയ് 2023) പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് 2015 മുതൽ 2018 അഡ്മിഷൻ വരെയുള്ള വിദ്യാർഥികൾക്ക് ഓൺലൈനിലും 2014 അഡ്മിഷൻ വിദ്യാർഥികൾക്ക് സർവകലാശാലാ കാര്യാലയത്തിൽ നേരിട്ടും ഏപ്രിൽ എട്ടു വരെ സമർപ്പിക്കാം.

(പി.ആർ.ഒ/39/231/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**